CEIA/6545/2025-IC2

ചീഫ് എഞ്ചിനീയറുടെ കാര്യാലയം

ജലസേചനവും ഭരണവും

തിരുവനന്തപുരം

തീയതി : 04-04-2026

## നോട്ടീസ്

വിഷയം : ജലസേചനം -ജീവനക്കാര്യം - ശ്രീമതി .നിമിഷ .കെ, ഓവർസിയർ ഗ്രേഡ് III (പെൻ:851461) യെ അന്തിമ മുൻഗണന പട്ടികയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച്.

സൂചന : 1) 27.07.2022 ലെ ഈ കാര്യാലയത്തിലെ IC2-17298/2020 നമ്പർ ഉത്തരവ്

2) 18.09.2025 ലെ കോഴിക്കോട് മൈനർ ഇറിഗേഷൻസർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ E2- 3419/2025 നമ്പർകത്ത്.

3) 26.02.2026 ലെ കോഴിക്കോട് മൈനർ ഇറിഗേഷൻ സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ INC-SE-KKD0KKD/186/2026-E2 നമ്പർ കത്ത്.

സൂചന (1) ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച ഓവർസിയർ ഗ്രേഡ് III-തസ്തികയിലെ ജീവനക്കാരുടെ 01-01-2017 മുതൽ 31-12-2019 വരെയുള്ള അന്തിമ മുൻഗണന പട്ടികയിൽ ഉൾപ്പെടുത്തുന്നതിനു വേണ്ടി ശ്രീമതി .നിമിഷ .കെ സൂചന (2) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചതിൽ നിന്നും ടിയാളുടെ അപേക്ഷ പരിഗണിക്കാവുന്നതാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്.

29.11.2018 തീയതിയിലെ കേരള പി.എസ്.സി. എറണാകുളം റീജിയണൽ ഓഫീസിലെ RE III(4) 1679/12 നമ്പർ ശുപാർശ പ്രകാരവും ഈ കാര്യാലയത്തിലെ 13.12.2018 ലെ CEIA/28723/2016(32)A6 നമ്പർ നിയമന ഉത്തരവ് പ്രകാരവും 28.12.2018ൽ ആണ് ശ്രീമതി .നിമിഷ .കെ സേവനത്തിൽ പ്രവേശിച്ചത്. KSR Part I, Appendix XII B പ്രകാരം പഠനാവശ്യത്തിനായി 04-01-2019 മുതൽ 30-06-2019 വരെയുള്ള ശൂന്യവേതനാവധിക്കു ശേഷം 01.07.2019 ൽ ടിയാൾ തിരികെ സേവനത്തിൽ പ്രവേശിച്ചു. തുടർച്ചയായ രണ്ട് വർഷത്തെ സേവനത്തിന് ശേഷം ടിയാളുടെ ടി തസ്തികയിലെ പരിവീക്ഷാ കാലാവധി 01-07-2021 പൂർവ്വാഹ്നം പ്രാബല്യത്തോടെ വിജയകരമായി പൂർത്തീകരിച്ച് ഉത്തരവായിട്ടുണ്ട്. ടിയാൾ ശൂന്യവേതനാവധി കഴിഞ്ഞു തിരികെ സേവനത്തിൽ പ്രവേശിച്ച തീയതിയായ 01.07.2019 പ്രാബല്യത്തിൽ ടിയാൾക്ക് സീനിയോറിറ്റിക്ക് അർഹതയുണ്ട്. ആയതിനാൽ സൂചന (1) ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച ഓവർസിയർ ഗ്രേഡ് III-മാരുടെ 01-01-2017 മുതൽ 31-12-2019 വരെയുള്ള അന്തിമ മുൻഗണന

പട്ടികയിൽ  ക്രമനമ്പർ 389 ആയ ശ്രീ.സജയ്.ഒ.എസ്-ന്റെയും ക്രമനമ്പർ 390 ആയ ശ്രീമതി. രജിത.എ യുടെയും മദ്ധ്യേ  389(A) ആയി ശ്രീമതി. നിമിഷ കെ യെ ഉൾപ്പെടുത്താവുന്നതാണെന്നു  കാണുന്നു.

ഇതിന്മേൽ പരാതിയോ ആക്ഷേപമോ ഉള്ളവർ മേലധികാരി സാക്ഷ്യപ്പെടുത്തിയ വസ്തുത തെളിയിക്കുന്ന രേഖകൾ സഹിതം ഈ നോട്ടീസ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ 15 ദിവസത്തിനുള്ളിൽ ഈ കാര്യാലയത്തിലെ irrgnsenioritycell@gmail.com എന്ന ഇമെയിൽ ഐ.ഡി  മുഖേന അറിയിക്കേണ്ടതാണ്. ഈ കാലാവധിക്കുള്ളിൽ പരാതികൾ ഒന്നും തന്നെ ലഭിച്ചില്ലെങ്കിൽ  ശ്രീമതി .നിമിഷ .കെ യുടെ പേര് പ്രസ്തുത മുൻഗണന പട്ടികയിൽ 389 (A) ആയി ഉൾപ്പെടുത്തി ഉത്തരവാകുന്നതാണ്.

Digitally signed by
BINOY TOMY GEORGE
Date: 04-04-2026
16:25:02

ചീഫ് എഞ്ചിനീയർ

BINOY TOMY GEORGE

CHIEF ENGINEER

ശ്രീമതി .നിമിഷ .കെ ഓവർസിയർ ഗ്രേഡ്

(ഓഫീസ് മേലധികാരി മുഖേന)

പകർപ്പ് :  അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഐ ടി സെൽ , ഇറിഗേഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)